Mr. President: The Administration of roads is primarily the concern of the Municipal Council.

Mr. Shabdai S. Koder *(Nominated)*: They do not undertake the work.

Mr. President: If there is any default the appropriate course is for the Member to move the Municipality to do the work.

Mr. Shabdai S. Koder *(Nominated)*: I am complaining.

Mr. President: What is wanted is a regular complaint in a more detailed form than by question in this House.

മിസ്റ്റർ പി. കെ. ഡീവർ: ഈ പട്ടണപരിഷ്കാരം നടപ്പിൽ വരുന്നതുവരെ വലിയ റോഡുകളുടെ അരികിൽ വലിയ കെട്ടിടങ്ങൾ ഉണ്ടാക്കാൻ അനുവദിക്കരുതെന്നു മുനിസിപ്പാലിറ്റിയോട് പറയാൻ ഗവമ്മേണ്ടിനു കഴിയുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതിനെക്കുറിച്ചാലോചിക്കാം.

MALAYALAM GROUP—MAHARAJA'S COLLEGE

266. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) മഹാരാജാസ് കോളേജിൽ മലയാളത്തിനു V ഗ്രൂപ്പ് എന്നാണ് ഏർപ്പെടുത്തിയതു;

(ബി) ഇപ്പോൾ ആ ഗ്രൂപ്പ് ഉണ്ടോ;

(സി) (ബി)യുടെ ഉത്തരം ഇല്ലെന്നാണെങ്കിൽ—

(i) എന്നാണ് നിർത്തലാക്കിയതു;

(ii) നിർത്തലാക്കുവാൻ കാരണം എന്തു;

(ഡി) മലയാളം ഓണേഴ്സ് കോഴ്സ് സംബന്ധിച്ചു മദ്രാസ് സർവ്വകലാശാലയിൽനിന്നും ഒരു കമ്മീഷൻ ഇവിടെവന്നു അന്വേഷിക്കുകയുണ്ടായോ;

(ഈ) ഉണ്ടെങ്കിൽ എന്താണ് കമ്മീഷൻ റിപ്പോർട്ട് ചെയ്തിരിക്കുന്നതു;

(എഫ്) മലയാളം ഓണേഴ്സ് കോഴ്സ് തുടങ്ങിയിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ എന്താണതിനു കാരണം?

റാവുസാഹിബ് ഐ. എൻ. മേനോൻ:

(എ) ഫസ്റ്റ വു—സ്റ്റർ.

(ബി) ഇല്ല.

(സി) (i) ഫസ്റ്റ് ര ഭ—ര്യ.

(ii) പഠിക്കുവാൻ വിദ്യാർത്ഥികൾ ഒന്നോ രണ്ടോ ആയതുകൊണ്ടും പകരം മലയാളം ഓണേഴ്സ് തുടങ്ങാമെന്നു നിശ്ചയിച്ചതുകൊണ്ടും, (ഈ ഗ്രൂപ്പിൽ വിദ്യാർത്ഥികൾ രണ്ടിലധികം ഇതുവരെ ഒരിക്കലും ഉണ്ടായിട്ടില്ല. ഒന്നുമാത്രമായിട്ടും ചില കൊല്ലത്തിൽ ഗ്രൂപ്പ് നടത്തേണ്ടിവന്നിട്ടുണ്ട്.)

(ഡി) ഉവ്വ്.

(ഈ) കമ്മീഷൻ റിപ്പോർട്ട് പരസ്യമാക്കുവാൻ പാടില്ല.

(എഫ്) ഇല്ല.

(ജി) കോളേജിലുണ്ടായിരുന്ന ശമ്പളത്തോതുകളിൽ കൂടുതലായ ഗ്രേഡുകളിൽ മലയാളത്തിൽ ലക്ചർമാരെ നിയമിക്കേണമെന്നുള്ള സർവ്വകലാശാലയുടെ നിർദ്ദേശത്തെ സാധീകരിക്കേണ്ടതാവശ്യമാണെന്നു ഗവമ്മെണ്ടിനു തോന്നാതിരുന്നതുകൊണ്ടു്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: ഏതു് ഗ്രേഡിൽ ഉള്ളതാണ് ഈ നിയമനം?

റാവുസാഹിബ് ഐ. എൻ. മേനോൻ: പുതിയതായിട്ടു് ഈ സർവ്വകലാശാലാനിയമമൊന്നു വിപുലീകരിച്ചിട്ടുണ്ടു്. അതനുസരിച്ചു് പുതിയതായി ഒരു ക്ലാസ്സ് തുടങ്ങണമെങ്കിൽ അതിൽ വെക്കാൻപോകുന്ന ശമ്പളം അവർ നിശ്ചയിക്കും. അതിനു ഗവമ്മെണ്ട് തയ്യാറുണ്ടായിരുന്നില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: അപ്പോൾ ഓണേഴ്സ് കോഴ്സും ഇവിടെ തുടങ്ങാൻ തയ്യാറില്ലെന്നാണോ പറയുന്നതു.

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ: അതു് തീരുമാനിച്ചിട്ടില്ല. ഈ ശമ്പളത്തോ തിനെക്കുറിച്ചു് ഗവമ്മെണ്ടുമായി കറസ്പോണ്ടൻസിൽ ഇരിക്കുകയാണു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: മലയാളം ലെക്ചറർമാക്കു് ശമ്പളം കൂടുതൽ കൊടുക്കാൻ പാടില്ലെന്നുണ്ടോ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ: അതു് പറഞ്ഞിട്ടില്ല.

മിസ്റ്റർ പൂത്തൂർ അച്ചുതമേനോൻ: സാധാരണയായിട്ടു് സയൻസ് ലാബോറട്ടറികൾ ഉപയോഗിക്കുന്നതു് ഗവമ്മെണ്ടു് സമ്മതിക്കാറില്ലെ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ: സമ്മതിക്കേണ്ടതാണു്. സാധാരണ സമ്മതിക്കാറാണു് പതിവു്. നിവർത്തിയില്ലെന്നു് തോന്നിയാൽ ആ കാര്യം ഉപേക്ഷിക്കുകയും ചെയ്യും.

മിസ്റ്റർ പൂത്തൂർ അച്ചുതമേനോൻ: മലയാളത്തിന്റെ കാര്യമായതുകൊണ്ടാണോ ഇതു ഉപേക്ഷിച്ചതു്?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: അല്ല, പഠിക്കാനുള്ള ആളുകളുടെ സംഖ്യ ഒന്നു നോക്കണം. അതു് അത്യാവശ്യമാണെന്നു് ഗവർമ്മെണ്ടിനു് തോന്നിയില്ല. അതുകൊണ്ടു് കൂടുതൽ ശമ്പളത്തിനു് ആളെ നിയമിച്ചില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ഓണേഴ്സ് കോഴ്സ് തുടങ്ങാനല്ലെ വിചാരിച്ചിരുന്നതു്.

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: മലയാളത്തിൽ ഓണേഴ്സ് കോഴ്സ് തുടങ്ങണമെന്നാണു് വിചാരിച്ചിരുന്നതു്.

മിസ്റ്റർ പി. കെ. ഡിവർ: പിന്നെ എന്താണു് തുടങ്ങാതിരുന്നതു്.

റാവു സാഹിബ്ബ് ഐ എൻ. മേനോൻ: പഠിക്കുന്ന ആളുകളുടെ സംഖ്യ പഠിപ്പിക്കാനുള്ള ആളുകളേക്കാൾ ചുരുങ്ങിയതുകൊണ്ടാണു്.

മിസ്റ്റർ പി. കെ. ഡിവർ: മലയാളം ഓണേഴ്സ് കോഴ്സ് തുടങ്ങുന്നില്ലെങ്കിൽ പഴയ V ഗ്രൂപ്പ് തുടങ്ങരുതെ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ആളുകൾ വളരെ കുറഞ്ഞതുകൊണ്ടാണു് വേണ്ടെന്നു് വെച്ചതു്.

മിസ്റ്റർ പി. കെ. ഡിവർ: അതു മലയാളത്തിൽ പഠിപ്പിക്കുന്നവരുടെ മോശംകൊണ്ടാണോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: മലയാളത്തിനെക്കുറിച്ചു ഇപ്പോൾ അത്രക്കുള്ള ആത്മാഭിമാനമെ ഉള്ളു.

മിസ്റ്റർ പൂത്തൂർ അച്ചുതമേനോൻ: ആ ആത്മാഭിമാനം വളർത്തുവാൻ വല്ലതും നിവൃത്തിയുണ്ടോ? പ്രവൃത്തിക്കുന്നുണ്ടോ? ആത്മാഭിമാനം കുറക്കുന്നതിനുവേണ്ടി ഗവർമ്മെണ്ടു പ്രവൃത്തിക്കാറുണ്ടോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ആത്മാഭിമാനം വളർത്തുവാൻ പലതും ചെയ്യുവരുന്നുണ്ടു്.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ: മാതൃഭാഷ ഒന്നു് പരിഷ്കരിക്കുവാൻ ഗവർമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: മാതൃഭാഷ പരിഷ്കരിക്കുവാൻ ഗവമ്മെണ്ടിനു ഉദ്ദേശമുണ്ടു്. കാലം മാറുംതോറും അതിനുവേണ്ടി ശ്രമിക്കുന്നുണ്ടു്. അതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ എസ്സ്. പണിക്കർ: ഇതുവരെയായി ഇതിൽ എത്ര ആളുകൾ പാസ്സായിട്ടുണ്ടു്?

റാവു സാഹിബ്ബ് ഐ എൻ. മേനോൻ: നോട്ടീസ്സ് വേണം.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ഇപ്പോൾ ഓണേഴ്സ് കോഴ്സ് തുടങ്ങാൻ തീരുമാനിച്ചിട്ടില്ലെന്നു് പറയുന്നു. മുമ്പുണ്ടായിരുന്ന V ഗ്രൂപ്പുപോയി ഇനി അടുത്തകാലത്തു ഈ കോഴ്സ് ഉണ്ടാകുകയില്ലെന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: അടുത്തകാലത്തുണ്ടാകയില്ലെങ്കിൽ പിന്നെ സർവ്വ കലാശാലയുമായി എഴുത്തുകുത്തു നടത്തേണ്ടതില്ല.

മിസ്റ്റർ ജി. എസ്സ്. ധാരസിംഗ്: അതു് ശമ്പളത്തിന്റെ കാര്യത്തിലല്ലെ ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ശമ്പളത്തിന്റെ കാര്യം മാത്രമല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മലയാളം പഠിക്കുന്നവക്ക് പ്രോത്സാഹനം കൊടുക്കാത്തതുകൊണ്ടാണു് പഠിക്കാൻ ആളില്ലാത്തതെന്നു് അറിയാമൊ ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ. അങ്ങിനെ പ്രോത്സാഹനം നൽകിയിട്ടല്ല മറ്റു വിഷയങ്ങൾ പഠിക്കുവാൻ ആളുണ്ടാകുന്നതു്.

മിസ്റ്റർ ജി. എസ്സ്. ധാരസിംഗ്: മദ്രാസ് സർവ്വകലാശാലയിൽ പലഭാഷകളും പഠിപ്പിക്കുകയും, ആ ഭാഷകളിൽ ഓണേഴ്സ് കോഴ്സിനുള്ള സൌകര്യങ്ങൾ നൽകുകയും ചെയ്യുന്നതുപോലെ മാറിയൻറൽ Languageൽ ഓണേഴ്സ് കോഴ്സ് ഇവിടേയും തുടങ്ങുന്നതെ ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ: ഓറിൻറൽ Language എന്ന മട്ടിൽ ഇവിടെ തുടങ്ങാൻ നിവൃത്തിയില്ല. സംസ്കൃതം, ഹിന്ദി, മലയാളം മുതലായ ഓരോ വിഷയങ്ങൾക്കും ഓരോ പ്രൊഫസർമാരെ നിയമിക്കേണ്ടിവരും. അതുകൊണ്ട് തല്ക്കാലം നിവൃത്തിയില്ല.

Mr. L. M. Pylee *(Latin Christians-Ernakulam):* Is it according to the general scale which the Madras University has prescribed that the demand was made about this payment ?

Rao Sahib I. N. Menon *(Director of Public Instruction):* The University has decided upon a general scale of pay recently, to affiliated colleges. The University insisted upon the new scale and when this came up recently a new general scale of salary had to be accepted by the Government. In view of the circumstances obtaining at that time and in view of the fact that it might create a precedent the Government thought it better to carry on further correspondence with the University before taking any final steps in the matter.

Mr. L. M. Pylee *(Latin Christians-Ernakulam):* Are we to understand that the scheme would be postponed?

Rao Sahib I. N. Menon *(Director of Public Instruction):* It is not so. We want a little more time.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Is such a new scale prescribed by the University adopted to the other professors of the College ?

Rao Sahib I. N. Menon *(Director of Public Instruction):* Whenever a new affiliation is sought they prescribe salary of the new Professors. The old professors still are continuing in the old scale. So there is not the general revision of the salary, of all the University colleges.

AIDED SCHOOLS

267. Mr. K. I. Velayudhan *(Ezhuvas-Talappalli):* Will Government be pleased to furnish answers for the following questions.—

(*a*) a list of classes in the various aided schools which are exempted from the operation of the rule of minimum strength and given full grant;

(*b*) the names of managers of schools which are exempted from the above rule;

(*c*) are the Malayalam text books prescribed for the Secondary training-class available from the shops ?

Rao Sahib I. N. Menon *(Director of Public Instruction):*

(*a*) and (*b*)List attached *(Appendix II.)*

(*c*) Yes.

STOCKS IN GODOWNS—INSPECTION OFFICERS

268. Mr. M. O. Thomakutty *(Commerce and Industry):* Will Government be pleased to state.—

(*a*) whether the stock in the godowns is subject to periodical inspection by responsible officers;

(*b*) whether shortage has been found;

(*c*) if so, what are the items, quantity and price of articles found short in the years 1119 and 1120;

(*d*) was an enquiry conducted regarding such shortage and if so, what is the result of the enquiry;

LIBRARY ARCHIVES Kerala Legislative Assembly